

TUESDAY 23.01.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/01/2024

1. സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ APEDA അംഗീകൃത ജൈവ സാക്ഷ്യപ്പെടുത്തൽ പദ്ധതി ഈ വർഷം മുതൽ ആരംഭിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള പ്രധാന അതോറിറ്റിയാണ് അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA). അപ്പേഡാ അംഗീകരിച്ചിട്ടുള്ള NPOP സ്റ്റാൻഡേർഡ് പ്രകാരമുള്ള തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ പദ്ധതിയ്ക്കാണ് കൃഷിവകുപ്പ് ആരംഭം കുറിച്ചിരിക്കുന്നത്. ഈ ത്രിവത്സര പദ്ധതി പ്രകാരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) ജൈവ സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമങ്ങൾക്കുള്ള ഫീസും, കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചിലവുകളും കൃഷിവകുപ്പ് വഹിക്കുന്നതാണ്. ഇതിന് ആവശ്യമായ അപേക്ഷകൾ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും ഉപയോഗപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെടുത്തിയ ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് അധികമൂല്യം ലഭിക്കുന്നതിന് സഹായകരമാണ്. ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് വമ്പിച്ച കയറ്റുമതി സാധ്യതകൾ തുറന്നു കൊടുക്കുന്ന ഈ പദ്ധതിയിൽ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് അംഗങ്ങളാകാവുന്നതാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചു.

2. വെള്ളാനിക്കര ഫലവർഗ വിള ഗവേഷണ കേന്ദ്രത്തിൽ വിവിധയിനം മാവ്, പ്ലാവ്, പാഷൻ ഫ്രൂട്ട്, കവുങ്ങ്, വടുകപ്പുളി, നാരകം, പേര ആത്തച്ചക്ക, കറിവേപ്പ്, ചാമ്പ, സീതപ്പഴംതൈ എന്നീ മുന്തിയ ഇനം നടീൽ വസ്തുക്കളും മണ്ണിര കമ്പോസ്റ്റ് ജൈവ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വളങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487- 2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സായ ''ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT), ആറ് മാസത്തെ കോഴ്സായ 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് (CPF)' എന്നീ കോഴ്സുകൾക്ക് 2024-25 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത: ''ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി'-പ്ലസ് ടു വിജയിച്ചിരിക്കണം, ''സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ്''- 8-ാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31/01/2024 ആകുന്നു. https://onlineadmission.ignou.ac.in/admission/ വഴി ഓൺലൈനായി അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000931, 9400608493 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. റബ്ബർടാപ്പിങ്ങ്തൊഴിലാളികൾക്കായി റബ്ബർബോർഡ് ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2024 ജനുവരി 25 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2301231 ( Ext 336 ) എന്ന നമ്പരിൽ ബന്ധപ്പെടുക.

5. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള **ഗ്രാമശ്രീ** ഇനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളുടെ വില്പനക്കായി ബുക്കിംഗ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സ്വീകരിക്കുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ 0479 2959268, 2449268, 9447790268 എന്നീ ഫോൺ നമ്പരുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

6. കാര ചെമ്മീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് മത്സ്യഫെഡിനു കീഴിൽ തൃശൂർ ജില്ലയിലുള്ള കൈപ്പമംഗലം ഹാച്ചറിയിലും കൊല്ലം ജില്ലിയിലുള്ള തിരുമുല്ലാവാരം ഹാച്ചറിയിലും ആരോഗ്യമുള്ളതും രോഗവിമുക്തമായതും പി.സി.ആർ ടെസ്റ്റ് നെഗറ്റീവായതുമായ കാര ചെമ്മീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കു ലഭിക്കും. ആവശ്യമുള്ളവർ കൈപ്പമംഗലം - 9526041119, തിരുമുല്ലാവാരം - 7593855763 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

7. 2024 ജനുവരി 24, 25 എന്നീ തീയതികളിൽ ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപ്പുൽ കൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് 8113893153/9633668644 ലേക്ക് ംവമെേു ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ , ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

8. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളെജിൽ യോഗർട്ട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആൻഡ് സെയിൽസ് സെൻററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 17 വരെയാണ് പരിശീലനം. 3000 രൂപയാണ്

രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള ക്ഷീരകർഷകർ, സംരംഭകർ ഫെബ്രുവരി 10 നകം 9744975460 നമ്പറിൽ രജിസ്റ്റർ ചെയ്യുക.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് നടത്തുന്ന പരിശീലനകേന്ദ്രത്തിൽ ജനുവരി 25ന് പോത്തുകുട്ടി വളർത്തലിലും ജനുവരി 29ന് മുയൽ വളർത്തലിലും പരിശീലനം നൽകുന്നു. 8590798131 എന്ന നമ്പറിൽ വാട്സാപ്പ് മുഖേന രജിസ്റ്റർ ചെയ്യാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. താൽപര്യമുള്ളവർ സെൻട്രൽ ഹാച്ചറിയുടെ പരിശീലന വിഭാഗവുമായി 0479 2457778, 0479 2452277 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 29ന് കാട വളർത്തൽ എന്നീ വിഷയത്തിൽ രാവിലെ 10 മണി മുതൽ 5 മണി വരെ കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. മാവ് യഥാസമയം പൂക്കാൻ യൂറിയ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പൊട്ടാസ്യം നൈട്രേറ്റ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്. കായ്ക്കാത്ത മരങ്ങൾക്ക് പാക്ലോബുട്രസോൾ 5 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ മണ്ണിൽ കടക്കലിൽ നിന്ന് മാറി ഒഴിച്ച് കൊടുക്കുന്നത് മാവ് പൂക്കാൻ സഹായിക്കും.